# കേരളസർവകലാശാല

നം.പി.ആർ.121/2023 തിരുവനന്തപുരം, തീയതി: 17/06/2023

## പത്രക്കുറിപ്പ്

### കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2023-24 ഓൺലൈൻ രജിസ്ട്രേഷൻ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH), ശ്രീകാര്യം, തിരുവനന്തപുരം, ബിഷപ്പ് മൂർ കോളേജ് ഫോർ ദി ഹിയറിംഗ് ഇംപയേർഡ്, മനകല, അടൂർ എന്നീ കോളേജുകളിൽ 2023-24 അദ്ധ്യയന വർഷത്തേക്കുള്ള ഒന്നാം വർഷ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (HI) ബി.കോം. (HI) ബി.എഫ്.എ. (HI) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി കോളേജുകളുടെ വെബ്സൈറ്റ് വഴി 2023 ജൂൺ 19 മുതൽ 28 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ., ബി.കോം., ബി.ബി.എ., എൽ.എൽ.ബി. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2023 ജൂൺ 26 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ എം.എസ്‌സി. മാത്തമാറ്റിക്സ് – പ്രീവിയസ് & ഫൈനൽ (എസ്.ഡി.ഇ., സപ്ലിമെന്ററി – ആന്വൽ സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്‌സി. ഇലക്ട്രോണിക്സ് (340) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ജൂൺ 21, 22 തീയതികളിൽ അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സെമസ്റ്റർ രജിസ്ട്രേഷൻ തീയതി നീട്ടി

കേരളസർവകലാശാല നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എം.സി.ജെ./എം.എസ്.ഡബ്ല്യൂ./എം.എ.എച്ച്.ആർ.എം./എം.റ്റി.റ്റി.എം. (റെഗുലർ – 2021 അഡ്മിഷൻ) പരീക്ഷകളുടെ സെമസ്റ്റർ രജിസ്ട്രേഷൻ 2023 ജൂൺ 18 വരെ നീട്ടിയിരിക്കുന്നു.

## സർട്ടിഫിക്കറ്റ് കോഴ്സ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസവ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ നടത്തുന്ന ആറുമാസ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫോർമേഷൻ സയൻസ് (CLISc) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: പ്ലസ് ടു, പ്രായപരിധി ഇല്ല, അപേക്ഷാഫോം ക്രിസ്ത്യൻ കോളേജ് ലൈബ്രറിയിൽ നിന്നും ലഭ്യമാകും. ക്ലാസ്സുകൾ ജൂലൈയിൽ ആരംഭിക്കുന്നതാണ്. 2023 ജൂൺ 30 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്കുള്ള 2023-24 വർഷത്തെ മസ്റ്ററിങ് ജൂൺ 30 വരെ നീട്ടിയിരിക്കുന്നു.

കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്കായുള്ള 2023-24 വർഷത്തെ മസ്റ്ററിങ് 2023 ജൂൺ 30 വരെ നീട്ടിയിരിക്കുന്നു. ഇതിനായി പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഫിനാൻസ് ഓഫീസർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം – 34 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചോ, നേരിട്ട് ഹാജരായോ മസ്റ്റർ ചെയ്യാവുന്നതാണ്. ജീവൻ പ്രമാൺ പോർട്ടൽ വഴി പെൻഷൻകാർക്ക് പി.പി.ഒ നമ്പർ, ആധാർ നമ്പർ, മൊബൈൽ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നീ രേഖകളോടെ പോസ്റ്റ് ഓഫീസ്, അക്ഷയ ജനസേവന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**